സംസ്ക്കരണത്തിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. പുഴയുടെ തീരം സംരക്ഷിക്കുന്നതിനും കയ്യേറ്റം തടയുന്നതിനും പമ്പാ ആക്ഷൻപ്ലാൻ പ്രാകരം തൽക്കാലം പദ്ധതികളൊന്നും നിലവിലില്ല.

മുല്ലപ്പെരിയാറിലെ പുതിയ അണക്കെട്ടിന്റെ നിർമ്മാണം

93 (543) ശ്രീ. പി. ജെ. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുല്ലപ്പെരിയാറിലെ പുതിയ അണക്കെട്ടിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട സർവ്വേ ഏതു ഘട്ടത്തിലാണെന്നു വ്യക്തമാക്കുമോ ;

(ബി) എംപവേർഡ് കമ്മിറ്റി മുഖേന കേന്ദ്ര ഗവണ്മെന്റിന് സമർപ്പിക്കേണ്ടിയിരുന്ന രേഖകൾ പൂർണ്ണമായും ലഭ്യമാക്കിയിട്ടുണ്ടോ ?

ഉത്തരം

(എ) മുല്ലപ്പെരിയാറിലെ പുതിയ ഡാമിന്റെ നിർമ്മാണത്തിനാവശ്യമായ സർവ്വേ ജോലികൾ പൂർത്തിയാക്കി.

(ബി) മുല്ലപ്പെരിയാർ ഡാമിന്റെ കൈവശാവകാശം തമിഴ്നാടിനായതുകൊണ്ട് ഭൂരിഭാഗം വിവരങ്ങളും തമിഴ്നാടാണ് സമർപ്പിക്കേണ്ടത്. എന്നിരിക്കിലും കേരളവുമായി ബന്ധപ്പെട്ടുവരുന്ന വസ്തുതകൾ ഉന്നതാധികാര സമിതിക്ക് സമർപ്പിച്ചിട്ടുണ്ട്. സമിതിമുമ്പാകെ സമർപ്പിക്കേണ്ട ചില അധിക വിവരങ്ങൾ അടിയന്തരമായി ലഭ്യമാക്കുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

മുല്ലപ്പെരിയാർ ഡാമിന്റെ സ്ഥിതി വിലയിരുത്തുന്നതിനായി വിദഗ്ധസംഘം നടത്തിയ പരിശോധന

94 (544) ശ്രീ. വി. ഡി. സതീശൻ :
ശ്രീ. വർക്കല കഹാർ :
ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുല്ലപ്പെരിയാർ ഡാമിന്റെ സ്ഥിതി വിലയിരുത്തുന്നതിനായി വിദഗ്ധസംഘം എന്തൊക്കെ പരിശോധനകൾ ഇതുവരെ നടത്തി എന്ന് വിശദമാക്കുമോ ;

(ബി) കേന്ദ്ര ജലവിഭവ മന്ത്രാലയത്തിന്റെ കീഴിലുള്ള ഏതൊക്കെ ഉദ്യോഗസ്ഥരാണ് ഈ വിദഗ്ധസംഘത്തിലുണ്ടായിരുന്നത് ;

(സി) പ്രധാന ഡാമിനു പുറമെ ബേബി ഡാമിൽ ഈ വിദഗ്ധസംഘം എന്തൊക്കെ പരിശോധനകൾ നടത്തി എന്ന് അറിയിക്കുമോ ;

(ഡി) ബേബി ഡാമിന്റെ ഇപ്പോഴത്തെ അവസ്ഥയെക്കുറിച്ച് എന്തൊക്കെ കാര്യങ്ങളിലാണ് തമിഴ്നാട് അധികൃതരും സംസ്ഥാന സർക്കാരും തമ്മിൽ തർക്കം നിലനിൽക്കുന്നത് ;

LIBRARY ARCHIVES Kerala Legislative Assembly